പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ.144

15.06.2012 ൽ
മറുപടിയ്ക്ക്

# പ്രധാനമന്ത്രിയുടെ ഗ്രാമീണ സഡക് യോജന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. പി. വിൻസെന്റ്<br>,, സണ്ണി ജോസഫ്<br>,, വി.ഡി. സതീശൻ<br>,, ബെന്നി ബെഹനാൻ | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ. പ്രധാനമന്ത്രിയുടെ ഗ്രാമീണ സഡക് യോജനയിൽ ഉൾപ്പെടുത്തിയ റോഡുകളുടെ നവീകരണ ജോലികൾ മുടങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ. ഉണ്ട്. പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം സംസ്ഥാനത്ത് കരാർ ഉറപ്പിച്ച 897 പ്രവർത്തികളിൽ 81 റോഡുകൾ വിവിധ കാരണങ്ങളാൽ മുടങ്ങിക്കിടക്കുന്നുണ്ട്. |
| ബി. ഇക്കാര്യത്തിൽ കേരളത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് റോഡ് പണി ത്വരിതപ്പെടുത്തുന്നതിനും പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ ; | ബി. കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് മുടങ്ങിക്കിടക്കുന്ന 81 റോഡുകളിൽ നിന്നും പൂർത്തീകരിക്കാൻ കഴിയുന്ന റോഡുകളെ കണ്ടെത്തുന്നതിനും സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കുന്നതിനും വേണ്ടി സ്റ്റേറ്റ് ക്വാളിറ്റി കോർഡിനേറ്ററുടെ നേതൃത്വത്തിൽ ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റി ഇതിൽ 46 റോഡുകൾ സാങ്കേതികമായി പൂർത്തീകരിക്കാൻ കഴിയുന്നവയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ടി റോഡുകൾ സാങ്കേതികമായി പൂർത്തീകരിക്കുന്നതിന് നിലവിലുള്ള ഷെഡ്യൂൾ നിരക്ക് പ്രകാരം വേണ്ടി വരുന്ന അധിക തുക അനുവദിക്കണമെന്ന ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു. ശേഷിക്കുന്ന 35 റോഡുകളിൽ 29 റോഡുകൾക്ക് നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ലഭ്യമല്ലാത്ത കാരണത്താൽ പൂർത്തീകരിക്കാൻ കഴിയില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. 6 റോഡുകൾ സമയബന്ധിതമായി പണി പൂർത്തീകരിക്കാത്ത കാരണത്താൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ റദ്ദ് ചെയ്തു. ഇതിനെതിരെ തർക്ക പരിഹാര സമിതി മുമ്പാകെ കരാറുകാർ ഹർജി സമർപ്പിക്കുകയും ടി കമ്മിറ്റി ഹർജി പരിഗണിച്ച് തർക്കപരിഹാരത്തിനായി ആവശ്യമായ |

| | | | |
|---|---|---|---|
| | | | തീരുമാനങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.<br>ഫേസ് VII ൽ 2-ാം ബാച്ചായി അനുമതി ലഭിച്ച 258 റോഡുകൾ ഉൾപ്പെടെ കരാർ ഉറപ്പിക്കാൻ കഴിയാതിരുന്ന 303 റോഡുകൾക്ക് 2010 ഷെഡ്യൂൾ നിരക്കിൽ 07.01.2012 ന് കരാർ ക്ഷണിച്ചിരുന്നുവെങ്കിലും 51 പ്രവർത്തികൾക്ക് മാത്രമാണ് ടെണ്ടർ ലഭിച്ചത്. 13.50% മുതൽ 55% വരെ ഉയർന്ന നിരക്കിലാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ഈ പ്രവർത്തികൾ 23.03.2012 ലെ സർക്കാർ ഉത്തരവ് നമ്പർ (കൈ) 75/12/തസ്വഭവ പ്രകാരം പൊതുമരാമത്തു വകുപ്പിലെ പണികൾക്ക് ടെണ്ടർ എക്സസ്സ് അനുവദിക്കുന്ന അതേ രീതിയിൽ അവാർഡ് ചെയ്യുന്നതിനും ഇതിനാവശ്യമായ അധിക തുക സംസ്ഥാന ബജറ്റിൽ നിന്നും വഹിക്കുന്നതിനും സർക്കാർ അനുമതി നൽകിയിട്ടുണ്ട്. തുടർന്ന് കരാറുകാരുമായി നെഗോഷ്യേറ്റ് ചെയ്ത് 15% മുതൽ 25% വരെ അധിക നിരക്ക് അനുവദിച്ചുകൊണ്ട് കരാർ ഉറപ്പിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഇതനുസരിച്ച് ടെണ്ടർ ലഭിച്ച 51 പ്രവർത്തികളിൽ 27 റോഡുകൾക്ക് 25% വരെ ടെണ്ടർ പ്രീമിയം നൽകിക്കൊണ്ട് കരാർ ഉറപ്പിച്ചിട്ടുണ്ട്.<br>തുടർന്ന് ശേഷിക്കുന്ന പ്രവർത്തികൾ റീപാക്കേജ് ചെയ്ത് 252 റോഡുകൾക്ക് ടെണ്ടർ ക്ഷണിച്ചിട്ടും 24 റോഡുകൾക്ക് മാത്രമേ ടെണ്ടർ ലഭിച്ചുള്ളു. 41% മുതൽ 57% വരെ ഉയർന്ന നിരക്കിലാണ് ടെണ്ടർ ലഭിച്ചിട്ടുള്ളത്. 25% ന് മുകളിൽ ടെണ്ടർ പ്രീമിയം അനുവദിക്കുന്നതിനുള്ള ശുപാർശ പരിശോധിച്ചു വരികയാണ്.<br>സംസ്ഥാന വിഹിതമായി ഈ സാമ്പത്തിക വർഷം 46.05 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| **സി.** | പദ്ധതിയുടെ മാനദണ്ഡങ്ങൾ അടുത്ത കാലത്ത് പരിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ? | **സി.** | പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം ഏറ്റെടുക്കുന്ന റോഡുകളിൽ ലിംഗ് റോഡുകളുടെ വീതി 7.5 മീറ്ററിൽ നിന്നും 6 മീറ്ററായി കുറച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ